പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2359 — 18.12..2012 ലെ മറുപടിയ്ക്ക്

സംസ്ഥാന ലോട്ടറിയിൽ നിന്നുള്ള വരുമാനം

ചോദ്യം — ഉത്തരം

ശ്രീമതി. കെ. എസ്. സലീഖ

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാന ലോട്ടറിയിൽ നിന്നുള്ള വരുമാനം നടപ്പു സാമ്പത്തിക വർഷം എത്രയെന്ന് വ്യക്തമാക്കുമോ ; അായത് നവംബർ 30 വരെ എത്ര ; പ്രതിമാസം ശരാശരി എത്ര കോടിയാണ് ലോട്ടറി വില്പനയിലൂടെ ലഭിക്കുന്നത് ; വിശദമാക്കുമോ ; | (എ) | നടപ്പ് സാമ്പത്തിക വർഷം ലോട്ടറി വിൽപ്പനയിൽ നിന്നുള്ള വരുമാനം 2500 കോടി രൂപയ്ക്ക് മുകളിൽ വരുമെന്ന് പ്രതീക്ഷിക്കുന്നു. നവംബർ 30 വരെ ലോട്ടറിയിൽ നിന്നുള്ള വിറ്റുവരവ് (വരുമാനം) 1740.7 കോടി രൂപയാണ്. നവംബർ മാസം വരെയുള്ള കണക്ക് താഴെ ചേർത്തിരിക്കുന്നു. (പട്ടിക താഴെ) ഇത് പ്രകാരം പ്രതിമാസ ശരാശരി 217.59 കോടി രൂപയാണ് ലഭിക്കുന്നത്. |
| (ബി) | ലോട്ടറി വില്പനയുടെ എത്ര ശതമാനമാണ് ലാഭമായി സർക്കാരിന് ലഭിക്കുന്നത് ; വിശദമാക്കുമോ ; | (ബി) | 2011-12 സാമ്പത്തിക വർഷം വിറ്റുവരവിന്റെ ഏകദേശം 30 ശതമാനം ലാഭമായി ലഭിച്ചിട്ടുണ്ട്. കമ്മീഷൻ, സമ്മാനം, മറ്റ് ചെലവുകൾ എന്നിവയിലുള്ള ഏറ്റക്കുറച്ചിലുകൾ ക്കനുസരിച്ച് ഇതിൽ മാറ്റം വരാം. |
| (സി) | നിലവിൽ നികുതിയും ലാഭവും ചേർന്ന് എത്ര കോടി രൂപ ലോട്ടറിയുമായി ബന്ധപ്പെട്ട് സർക്കാരിന് ലഭിക്കും ; .വ്യക്തമാക്കുമോ; | (സി) | ഈ സാമ്പത്തിക വർഷം ഇതുവരെ 63.25 കോടി രൂപ നറുക്കെടുപ്പിന്മേലുള്ള നികുതിയിനത്തിൽ സർക്കാരിന് ലഭിച്ചിട്ടുണ്ട്.ലാഭം സാമ്പത്തിക വാർഷാവസാനത്തിൽ മാത്രമേ കണക്കാക്കുവാൻ കഴിയുകയുള്ളൂ. |

| മാസം | തുക (കോടിയിൽ) |
|---|---|
| ഏപ്രിൽ | 175.78 |
| മെയ് | 189.88 |
| ജൂൺ | 196.87 |
| ജൂലൈ | 225.66 |
| ആഗസ്റ്റ് | 223.25 |
| സെപ്റ്റംബർ | 245.30 |
| ഒക്ടോബർ | 246.19 |
| നവംബർ | 237.77 |

| | | | |
|---|---|---|---|
| (ഡി) | ലോട്ടറി വില്പനയുടെ എത്ര ശതമാനമാണ് കമ്മീഷനായി ഏജന്റുമാർക്ക് നൽകുന്നത് ; എത്ര ഏജന്റുമാരാണ് സംസ്ഥാനത്ത് ലോട്ടറി വഴി ഉപജീവനം നടത്തുന്നത് ; അയത് വഴി കമ്മീഷൻ ഇനത്തിൽ എത്ര കോടി രൂപ ഇവർക്ക് ലഭിക്കുന്നുവെന്ന് വ്യക്തമാക്കുമോ ? | (ഡി) | ഏജന്റുമാർക്ക് നൽകുന്ന വിൽപ്പന കമ്മീഷൻ/ഡിസ്കൗണ്ടിന്റെ ശതമാനം ചുവടെ ചേർക്കുന്നു.<br>20/- രൂപ മുഖവിലയുള്ള ഭാഗ്യക്കുറികൾ - 26%, 28% എന്നീ രണ്ട് സ്ലാബുകളിൽ<br>50/-, 40/- രൂപ മുഖവിലയുള്ള ഭാഗ്യക്കുറികൾ - 28%, 30% എന്നീ രണ്ട് സ്ലാബുകളിൽ<br><br>നിലവിൽ ശരാശരി ഇരുപതിനായിരത്തോളം രജിസ്റ്റേർഡ് ഏജന്റുമാരുണ്ട്.<br><br>ഈ സാമ്പത്തിക വർഷം ഇതുവരെ 515.18 കോടി രൂപ കമ്മീഷൻ ഇനത്തിൽ ഏജന്റുമാർക്ക് ലഭിച്ചിട്ടുണ്ട്. |
| (ഇ) | സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ ജനപ്രിയ ടിക്കറ്റുകൾ ഏജന്റുമാർക്ക് ആവശ്യത്തിന് ലഭിക്കുന്നില്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിപണിയിൽ ഏറെ ഡിമാന്റുള്ള 20/- രൂപ മുഖവിലയുള്ള ഭാഗ്യക്കുറി ടിക്കറ്റുകൾ ചെറുകിട ഏജന്റുമാർ ഉൾപ്പെടെയുള്ള എല്ലാ ഏജന്റുമാർക്കും ലഭ്യമാക്കുന്നതിൽ ശ്രദ്ധിയ്ക്കണമെന്ന് ജില്ലാ ഭാഗ്യക്കുറി ഓഫീസർമാർക്ക് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഒരാഴ്ചയിൽ ഒരു ഭാഗ്യക്കുറി മാത്രം ഉണ്ടായിരുന്നപ്പോൾ ശരാശരി 45 ലക്ഷം ടിക്കറ്റുകളാണ് അച്ചടിച്ചിരുന്നത്. എന്നാൽ എല്ലാ ദിവസവും ഭാഗ്യക്കുറി പുനഃസ്ഥാപിച്ചതോടെ ആഴ്ചയിൽ ശരാശരി 2കോടി ടിക്കറ്റുകൾ പ്രിന്റ് ചെയ്യുന്നു. നറുക്കെടുപ്പ് തീയതിയ്ക്ക് 72 മണിക്കൂർ മുമ്പ് ടിക്കറ്റ് ആവശ്യപ്പെടുന്ന ചെറുകിട ഏജന്റുമാർ ഉൾപ്പെടെ എല്ലാ ഏജന്റുമാർക്കും 125 ടിക്കറ്റുകളെങ്കിലും ലഭ്യമാക്കണമെന്നും ജില്ലാ ഭാഗ്യക്കുറി ഓഫീസർമാർക്ക് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (എഫ്) | സംസ്ഥാന ലോട്ടറി വകുപ്പിൽ എത്ര ജീവനക്കാർ ജോലി നോക്കുന്നു ; അായതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജോലി ചെയ്യുന്നവർ എത്ര ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (എഫ്) | ഭാഗ്യക്കുറി വകുപ്പിൽ (ക്ഷേമനിധി ബോർഡിൽ ഉൾപ്പെടെ) ജോലി ചെയ്യുന്ന സ്ഥിരം ജീവനക്കാരുടെയും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള ജീവനക്കാരുടെയും ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ജി) | ലോട്ടറി വകുപ്പിന് സ്ഥിരം ഡയറക്ടർ ഇല്ലാത്തത് വകുപ്പിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതായി കരുതുന്നുണ്ടോ ; വിശദമാക്കുമോ ; | (ജി) | ലോട്ടറി വകുപ്പ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. |
| (എച്ച്) | സംസ്ഥാന ഭാഗ്യക്കുറി വില 30 രൂപയാക്കി ഏകീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (എച്ച്) | പരിശോധിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ലോട്ടറി വില്പനയുടെ എത്ര ശതമാനമാണ് കമ്മീഷനായി ഏജന്റുമാർക്ക് നൽകുന്നത് ; എത്ര ഏജന്റുമാരാണ് സംസ്ഥാനത്ത് ലോട്ടറി വഴി ഉപജീവനം നടത്തുന്നത് ; അായത് വഴി കമ്മീഷൻ ഇനത്തിൽ എത്ര കോടി രൂപ ഇവർക്ക് ലഭിക്കുന്നുവെന്ന് വ്യക്തമാക്കുമോ ? | (ഡി) | ഏജന്റുമാർക്ക് നൽകുന്ന വിൽപ്പന കമ്മീഷൻ/ഡിസ്കൗണ്ടിന്റെ ശതമാനം ചുവടെ ചേർക്കുന്നു.<br>20/- രൂപ മുഖവിലയുള്ള ഭാഗ്യക്കുറികൾ - 26%, 28% എന്നീ രണ്ട് സ്ലാബുകളിൽ<br>50/-, 40/- രൂപ മുഖവിലയുള്ള ഭാഗ്യക്കുറികൾ - 28%, 30% എന്നീ രണ്ട് സ്ലാബുകളിൽ<br><br>നിലവിൽ ശരാശരി ഇരുപതിനായിരത്തോളം രജിസ്റ്റേർഡ് ഏജന്റുമാരുണ്ട്.<br><br>ഈ സാമ്പത്തിക വർഷം ഇതുവരെ 515.18 കോടി രൂപ കമ്മീഷൻ ഇനത്തിൽ ഏജന്റുമാർക്ക് ലഭിച്ചിട്ടുണ്ട്. |
| (ഇ) | സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ ജനപ്രിയ ടിക്കറ്റുകൾ ഏജന്റുമാർക്ക് ആവശ്യത്തിന് ലഭിക്കുന്നില്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിപണിയിൽ ഏറെ ഡിമാന്റുള്ള 20/- രൂപ മുഖവിലയുള്ള ഭാഗ്യക്കുറി ടിക്കറ്റുകൾ ചെറുകിട ഏജന്റുമാർ ഉൾപ്പെടെയുള്ള എല്ലാ ഏജന്റുമാർക്കും ലഭ്യമാക്കുന്നതിൽ ശ്രദ്ധിയ്ക്കണമെന്ന് ജില്ലാ ഭാഗ്യക്കുറി ഓഫീസർമാർക്ക് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഒരാഴ്ചയിൽ ഒരു ഭാഗ്യക്കുറി മാത്രം ഉണ്ടായിരുന്നപ്പോൾ ശരാശരി 45 ലക്ഷം ടിക്കറ്റുകളാണ് അച്ചടിച്ചിരുന്നത്. എന്നാൽ എല്ലാ ദിവസവും ഭാഗ്യക്കുറി പുനഃസ്ഥാപിച്ചതോടെ ആഴ്ചയിൽ ശരാശരി 2കോടി ടിക്കറ്റുകൾ പ്രിന്റ് ചെയ്യുന്നു. നറുക്കെടുപ്പ് തീയതിയ്ക്ക് 72 മണിക്കൂർ മുമ്പ് ടിക്കറ്റ് ആവശ്യപ്പെടുന്ന ചെറുകിട ഏജന്റുമാർ ഉൾപ്പെടെ എല്ലാ ഏജന്റുമാർക്കും 125 ടിക്കറ്റുകളെങ്കിലും ലഭ്യമാക്കണമെന്നും ജില്ലാ ഭാഗ്യക്കുറി ഓഫീസർമാർക്ക് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (എഫ്) | സംസ്ഥാന ലോട്ടറി വകുപ്പിൽ എത്ര ജീവനക്കാർ ജോലി നോക്കുന്നു ; അായതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജോലി ചെയ്യുന്നവർ എത്ര ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (എഫ്) | ഭാഗ്യക്കുറി വകുപ്പിൽ (ക്ഷേമനിധി ബോർഡിൽ ഉൾപ്പെടെ) ജോലി ചെയ്യുന്ന സ്ഥിരം ജീവനക്കാരുടെയും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള ജീവനക്കാരുടെയും ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ജി) | ലോട്ടറി വകുപ്പിന് സ്ഥിരം ഡയറക്ടർ ഇല്ലാത്തത് വകുപ്പിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതായി കരുതുന്നുണ്ടോ ; വിശദമാക്കുമോ ; | (ജി) | ലോട്ടറി വകുപ്പ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. |
| (എച്ച്) | സംസ്ഥാന ഭാഗ്യക്കുറി വില 30 രൂപയാക്കി എകീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (എച്ച്) | പരിശോധിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ഐ) | അന്യസംസ്ഥാന ലോട്ടറി മാഫിയ സംസ്ഥാനത്ത് പിടിമുറുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടുവോ; അന്യസംസ്ഥാനക്കാരായ വൻകിട ഏജന്റുമാർക്കാണ് ജില്ലാ ലോട്ടറി ഓഫീസുകളിൽ പരിഗണനയെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ? | (ഐ) | ഒറ്റ നമ്പർ ലോട്ടറി, രണ്ടക്ക, മൂന്നക്ക നമ്പരുകൾക്ക് സമ്മാനം നൽകുന്ന ലോട്ടറി, ഫോൺ മുഖേന നമ്പർ നൽകി നടത്തുന്ന ലോട്ടറി തുടങ്ങി നിയമ വിരുദ്ധ ലോട്ടറികൾ വിൽക്കപ്പെടുന്നതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ഇപ്രകാരമുള്ള 49 കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാന ഭാഗ്യക്കുറി വകുപ്പിനു കീഴിൽ അന്യസംസ്ഥാനക്കാരായ വൻകിട ഏജന്റുമാർ ഇല്ല. കേരളത്തിലെ ചെറുകിട ഏജന്റുമാരെ പ്രോത്സാഹിപ്പിക്കുന്ന നയമാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ.

| | | | |
|---|---|---|---|
| (ഐ) | അന്യസംസ്ഥാന ലോട്ടറി മാഫിയ സംസ്ഥാനത്ത് പിടിമുറുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടുവോ; അന്യസംസ്ഥാനക്കാരായ വൻകിട ഏജന്റുമാർക്കാണ് ജില്ലാ ലോട്ടറി ഓഫീസുകളിൽ പരിഗണനയെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ? | (ഐ) | ഒറ്റ നമ്പർ ലോട്ടറി, രണ്ടക്ക, മൂന്നക്ക നമ്പരുകൾക്ക് സമ്മാനം നൽകുന്ന ലോട്ടറി, ഫോൺ മുഖേന നമ്പർ നൽകി നടത്തുന്ന ലോട്ടറി തുടങ്ങി നിയമ വിരുദ്ധ ലോട്ടറികൾ വിൽക്കപ്പെടുന്നതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ഇപ്രകാരമുള്ള 49 കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാന ഭാഗ്യക്കുറി വകുപ്പിനു കീഴിൽ അന്യസംസ്ഥാനക്കാരായ വൻകിട ഏജന്റുമാർ ഇല്ല. കേരളത്തിലെ ചെറുകിട ഏജന്റുമാരെ പ്രോത്സാഹിപ്പിക്കുന്ന നയമാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ.

| ജില്ല | സ്ഥിരം ജീവനക്കാർ | എംപ്ലോയ്മെന്റ് മുഖേന ജോലി ചെയ്യുന്ന ജീവനക്കാർ | ആകെ |
|---|---|---|---|
| തിരുവനന്തപുരം | 138 | 17 | 155 |
| കൊല്ലം | 26 | 14 | 40 |
| പത്തനംതിട്ട | 21 | 1 | 22 |
| ആലപ്പുഴ | 28 | 7 | 35 |
| കോട്ടയം | 27 | 8 | 35 |
| ഇടുക്കി | 22 | 3 | 25 |
| എറണാകുളം | 52 | 5 | 57 |
| തൃശ്ശൂർ | 29 | 7 | 36 |
| പാലക്കാട് | 28 | 8 | 36 |
| മലപ്പുറം | 19 | 5 | 24 |
| കോഴിക്കോട് | 25 | 9 | 34 |
| വയനാട് | 15 | 3 | 18 |
| കണ്ണൂർ | 32 | 3 | 35 |
| കാസർകോഡ് | 18 | 5 | 23 |
| ആകെ | 480 | 95 | 575 |